<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 130**</u> <u>**29-01-2024 - ൽ മറുപടിയ്ക്ക്**</u>

<u>**നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടന്ന പ്രതിഷേധ സമരങ്ങളിൽ നടപടി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടന്ന പ്രതിഷേധ സമരങ്ങളുടെ പേരിൽ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പ് അനുസരിച്ചാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് ജനാധിപത്യപരമായി നടന്ന പ്രതിഷേധ സമരങ്ങളുടെ പേരിൽ സംസ്ഥാനത്ത് ആർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിഷേധ സമരങ്ങളുടെ പേരിൽ പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | **നവകേരള സദസ്സിനായി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സഞ്ചരിച്ചിരുന്ന ബസ്സിന് നേരെ ആക്രമണ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പ് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളും പ്രതിപക്ഷ സംഘടനാപ്രവർത്തകരിൽ നിന്നും ഉ ണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 349 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലായി 1491 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.** |
| (സി) | പ്രതിഷേധ സമരങ്ങളിൽ പങ്കെടുത്ത പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകരെ ആക്രമിച്ചതിന് ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെയാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതെല്ലാം വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (സി) | **നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടത്തിയ ചില പ്രതിഷേധ സമരങ്ങൾ അക്രമാസക്തമാകുകയും പരിപാടി കാണുവാനും പങ്കെടുക്കുവാനുമായി എത്തിയ നാട്ടുകാരും യുവജന സംഘടനാ പ്രവർത്തകരും മറ്റുമായി സംഘർഷം ഉണ്ടായിട്ടുമുണ്ട്. ഇക്കാര്യത്തിൽ ഭരണാനുകൂല യുവജന സംഘടനാ പ്രവർത്തകർക്കെതിരെ 26 കേസുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട 39 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ